# മഹാത്മാഗാന്ധി സർവ്വകലാശാല

## സംഗ്രഹം

മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ 3 സെക്ഷൻ

സ.ഉ.നം. 7500/എസി.എ3/1/2017 പി.ഡി.ഹിൽസ്, തീയതി: 23.12.2017

പരാമർശം:- 04.12.2017 തീയതിയിൽ രാവിലെ 11.30-ന് സർവ്വകലാശാലയിൽ വൈസ് ചാൻസിലറുടെ കോൺഫറൻസ് ഹാളിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ് - ഇനം നമ്പർ OA 12.

## ഉത്തരവ്

04.12.2017 തീയതിയിൽ രാവിലെ 11.30-ന് സർവ്വകലാശാലയിൽ വൈസ് ചാൻസിലറുടെ കോൺഫറൻസ് ഹാളിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം താഴെപ്പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്തു.

1. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ എല്ലാ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കും ഒരു തവണ കൂടി മേഴ്സി ചാൻസ് പരീക്ഷ നടത്തുവാൻ ശുപാർശ ചെയ്തു.
2. 1998 അഡ്മിഷൻ മുതൽ ഉള്ള എല്ലാ ബിരുദ പ്രോഗ്രാമുകൾക്കും ഒരു മേഴ്സി ചാൻസ് പരീക്ഷ നടത്തുവാൻ ശുപാർശ ചെയ്യുന്നു. 1998 അഡ്മിഷനു മുമ്പുള്ള സ്കീം ആന്റ് സിലബസ് ലഭ്യമായിട്ടുള്ള ബിരുദ പ്രോഗ്രാമുകൾക്ക് ഒരു മേഴ്സി ചാൻസ് പരീക്ഷ നടത്തുവാൻ ശുപാർശ ചെയ്തു.
3. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ റഗുലർ 2001 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് ഒരു മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതിന് ശുപാർശ ചെയ്തു.
4. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രൈവറ്റ് 2002 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് ഒരു മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതിന് ശുപാർശ ചെയ്തു.
5. റഗുലർ 2001 അഡ്മിഷനു മുമ്പുള്ള സ്കീം ആന്റ് സിലബസ് ലഭ്യമായിട്ടുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഒരു മേഴ്സി ചാൻസ് നൽകാൻ ശുപാർശ ചെയ്തു.
6. പ്രൈവറ്റ് 2002 അഡ്മിഷനു മുമ്പുള്ള സ്കീം ആന്റ് സിലബസ് ലഭ്യമായിട്ടുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഒരു മേഴ്സി ചാൻസ് നൽകാൻ ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അധ്യായം 3 വകുപ്പ് 10(17) പ്രകാരം മേൽ ശുപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ സെക്രട്ടറിമാർ
3. ജെ. ആർ/ഡി.ആർ/എ.ആർ (അക്കാദമിക് സെക്ഷനുകൾ)
4. ജെ. ആർ/ഡി.ആർ/എ.ആർ (പരീക്ഷാ സെക്ഷനുകൾ)
5. എസി.സി./പി.ആർ.ഒ/എൻക്വയറി സെക്ഷനുകൾ
6. എസി.എ1/3/4/5/7/8/9 സെക്ഷനുകൾ
7. ഇ.എ1/11 സെക്ഷനുകൾ/ഇ.ബി.സെക്ഷൻ/പരീക്ഷാ സെക്ഷനുകൾ
8. ക്യാപ്സെൽ/സിസ്റ്റം അഡ്മിൻ
9. കണ്ടന്റ് മാനേജ്മെന്റ് സെൽ
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

RKumar

സെക്ഷൻ ഓഫീസർ